**പതിനാലാം കേരള നിയമസഭ**
**5-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.73** **25.04.2017-ൽ മറുപടിയ്ക്ക്**

# പ്ലാസ്റ്റിക് കേരിബാഗുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി : | **ശ്രീ. പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) അനുവദനീയമായ കനത്തിൽ കുറഞ്ഞ പ്ലാസ്റ്റിക് കാരി ബാഗുകൾ നിർമ്മിക്കുന്നില്ലെന്ന ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ) 24.09.2016-ലെ നം. 576/ഡിസി1/2016/ തസ്വഭവ സർക്കുലർ പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനുള്ള വിശദമായ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2016 പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ രാജ്യ വ്യാപകമായി നിരോധിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ബോർഡിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് നിബന്ധനാ വിധേയമായ അനുമതിയാണ് നൽകുന്നത്. അനുമതി പ്രകാരം നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ അവയുടെ കനം, ബോർഡ് സ്ഥാപനത്തിന് നൽകിയിട്ടുള്ള അനുമതിയുടെ നമ്പർ എന്നിവ പ്രദർശിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. |

NO: B2/66/2017/ENVT

വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് സ്ഥാപനങ്ങളിൽ പരിശോധന നടത്തി മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പു വരുത്തുന്നു.

സെക്ഷൻ ഓഫീസർ